## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2828

19/6/2014 ൽ മറുപടിയ്ക്ക്

## റോഡ് പുറമ്പോക്കിലെ കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി

| ചോദ്യം<br>ശ്രീ.പി.എ.മാധവൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) മണലൂർ നിയോജക മണ്ഡലത്തിലെ ഏറവ് വില്ലേജിൽ സർവ്വേ നമ്പർ 405, 284 ൽ 45 വർഷമായി റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 60 കുടുംബങ്ങളിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | എ) മണലൂർ നിയോജക മണ്ഡലത്തിലെ ഏറവ് വില്ലേജിലെ സർവ്വേ 405 ൽപ്പെട്ട റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 12 പേർക്കും, സർവ്വെ 284 ൽപ്പെട്ട റോഡ് പുറമ്പോക്കിൽ താമസിക്കുന്ന 8 പേർക്കും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. |
| ബി) പട്ടയം ലഭിക്കാത്ത 4 കുടുംബങ്ങൾക്കു കൂടി പട്ടയം നൽകുന്നതിനായി പൊതു മരാമത്ത് അനുമതി നൽകണമെന്നുള്ള എം.എൽ.എ യുടെ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | ബി) പട്ടയം ലഭിക്കാത്ത 4 കുടുംബങ്ങളുടെ അപേക്ഷ പൊതുമരാമത്ത് വകുപ്പിന്റെ അനുവാദം ഇല്ലാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്. ആയതിനു ശേഷം പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭൂമി പതിച്ചു നൽകുന്നതിനുള്ള നിരാക്ഷേപം ലഭിച്ചിട്ടില്ലാത്തതുമാണ്. |
| സി) പ്രസ്തുത കുടുംബങ്ങൾക്കു കൂടി പട്ടയം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപം ലഭ്യമാകുന്നതിനനുസരിച്ച് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ